# പതിമൂന്നാം കേരള നിയമസഭ
# പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 5855**

**30.07.2015 ൽ മറുപടിയ്ക്ക്**

## ജില്ലാ സഹകരണ ബാങ്ക് ബ്രാഞ്ച് മാനേജർ തസ്തികയിലെ നിയമനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി. പി.അയിഷാ പോറ്റി | ശ്രീ. സി. എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) ജില്ലാ സഹകരണ ബാങ്ക് ബ്രാഞ്ച് മാനേജർ തസ്തികയിലേയ്ക്ക് നിലവിലെ പി.എസ്.സി റാങ്ക് ലിസ്റ്റിൽ നിന്നും എത്ര ഒഴിവുകൾ മാറ്റിവയ്ക്കണമെന്ന് ബഹു. സുപ്രീം കോടതി ഇടക്കാല ഉത്തരവ് പ്രകാരം വ്യക്തമാക്കിയിട്ടുണ്ട്; എന്നാണ് വ്യക്തമാക്കിയത്; | (എ) ബഹു. സുപ്രീം കോടതിയുടെ 08.10.2013 ലെ ഇടക്കാല ഉത്തരവ് പ്രകാരം 7 ഒഴിവുകളും 17.12.2013 ലെ ഇടക്കാല ഉത്തരവ് പ്രകാരം 14 ഒഴിവുകളും 09.01.2015 ലെ ഇടക്കാല ഉത്തരവ് പ്രകാരം 10 ഒഴിവുകളും (ആകെ 31 ഒഴിവുകൾ) ഹർജിക്കാർക്കുവേണ്ടി മാറ്റിവയ്ക്കാൻ ഉത്തരവായിട്ടുണ്ട്. |
| (ബി) പ്രസ്തുത ഇടക്കാല ഉത്തരവില്ലാതെ പ്രസ്തുത തസ്തികയിൽ നിലവിലെ റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്താൻ എന്തെങ്കിലും നിയമ തടസ്സങ്ങൾ ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (ബി) 08.10.2013, 17.12.2013 എന്നീ തീയതികളിലെ ഇടക്കാല ഉത്തരവ് പ്രകാരം ഹർജിക്കാർക്കായി നീക്കിവച്ച 21 ഒഴിവുകളിൽ ഹർജിക്കാർ ഒരു ജില്ലയിലേയ്ക്കും അപേക്ഷിച്ചിട്ടില്ലാത്തതിനാൽ ടി ഒഴിവുകൾ ഏത് ജില്ലയ്ക്കാണ് മാറ്റിവയ്ക്കേണ്ടത് എന്നത് സംബന്ധിച്ച് സ്പഷ്ടീകരണം ലഭിക്കേണ്ടതുണ്ട്. ആയത് ലഭ്യമായ ശേഷമേ ശേഷിക്കുന്ന ഒഴിവുകളിലേയ്ക്ക് നിയമന ശുപാർശ നൽകുവാൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ